# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.42,

### 28/11/2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### 'സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ നിയമനം'

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ബഹു. എം.എൽ.എ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനസർക്കാർ സ്ഥാപനങ്ങളിലേക്കോ , പൊതുമേഖല സ്ഥാപനങ്ങളിലേക്കോ, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ, സ്വകാര്യ ബാങ്കുകളിൽ നിന്നോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; | സർക്കാരിന്,പൊതു താൽപര്യാർത്ഥത്തിലും , എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും ആഫീസർമാരെ ഒരു സർവീസിൽ നിന്നും മറ്റൊരു സർവീസിലേക്കോ അല്ലെങ്കിൽ ഒരേ സർവീസിലുള്ള ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്കോ ഡെപ്യൂട്ട് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ, ഓരോ കേസിലും സർക്കാരിന് ചുമത്താവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി, ആഫീസർമാരെ മറ്റു സർക്കാരുകളിൽ നിന്നോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ നിന്നോ എടുക്കുകയോ അവയിലേക്ക് അയച്ച് കൊടുക്കുകയോ ചെയ്യുന്നതിന് 1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം 2 ചട്ടം 9 B -യിൽ വ്യവസ്ഥയുണ്ട്. പി.എസ്.സി കൺസൾട്ടേഷൻ ഒഴിവാക്കിയിട്ടില്ലാത്ത കേസുകളിൽ , അത്തരം ഡെപ്യൂട്ടേഷനുകളേയും ട്രാൻസ്ഫറുകളേയും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തേണ്ടതുമാണ്.<br><br>1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങൾ ഏതെങ്കിലും പൊതു മേഖലാസ്ഥാപനം പിന്തുടരുന്നുവെങ്കിൽ ഇത്തരം സ്ഥാപനങ്ങളിലും മേൽചട്ടപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം നടത്താവുന്നതാണ്. സ്വന്തം സർവീസ് ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ലാത്തതും എന്നാൽ കെ.എസ് & എസ്.എസ്. ചട്ടങ്ങൾ പിന്തുടരാത്തതുമായ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഭരണസൗകര്യാർത്ഥം സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണ് പ്രസ്തുത നിയമനം നടത്തുവാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന **ശേഷം** സർക്കാർ സ്ഥാപനങ്ങളിലേക്കോ, പൊതു മേഖലാ സ്ഥാപനങ്ങളിലേക്കോ, കോർപ്പറേഷനുകളിലേക്കോ, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വഴി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | **ഉണ്ട്.** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും ചെയ്ത സാഹചര്യത്തിൽ 16.07.2018 -ന് ചേർന്ന 46 -മത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ സീനിയർ മാനേജർ ആയ ശ്രീ അദീബ് കെ.ടി -യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ഇദ്ദേഹം പിന്നീട് വിട്ടുതൽ വാങ്ങിയിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**